RATHEESH C V , HST SS , GHSS PERIKKALLOOR ,WAYANAD , 9539824556

# S S L C MARCH 2022 , SOCIAL SCIENCE

## EASY C+ NOTES

### SOCIAL SCIENCE I

1. മെർക്കന്റലിസ്റ്റ് നിയമങ്ങൾ

a. കോളനിയുടെ വ്യാപാരത്തിന് ഇംഗ്ലീഷ് കപ്പലുകളോ കോളനി കപ്പലുകളോ ഉപയോഗിക്കണം
b. കോളനികളിൽ നിന്ന് പഞ്ചസാര,പരുത്തി,കമ്പിളി,പുകയില ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
c. കോളനിരേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
d. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസസൗകര്യങ്ങൾ കോളനിക്കാർ നൽകണം
e. കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നല്കണം

2. ഫ്രഞ്ച് സമൂഹം

ഒന്നാം എസ്റ്റേറ്റ് –പുരോഹിതന്മാർ,ഭൂവുടമകൾ,നികുതി നൽകേണ്ട,ഉയർന്ന പദവി
രണ്ടാം എസ്റ്റേറ്റ്–പ്രഭുക്കന്മാർ ,ഭൂവുടമകൾ,നികുതി നൽകേണ്ട,ആഡംബരജീവിതം
മൂന്നാംഎസ്റ്റേറ്റ്–മധ്യവർഗം,ഒരവകാശവുമില്ല,നികുതി നൽകണം,താഴ്ന്ന സാമൂഹിക പദവി

3. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ

a. കർഷകരെ ഭൂവുടമകളാക്കി b. ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
c. പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു. d. സിങ്കിങ് ഫണ്ട് രൂപീകരിച്ചു
e. പുതിയ നിയമസംഹിത ഉണ്ടാക്കി.

4. റഷ്യൻ വിപ്ലവം ഫലങ്ങൾ

a. പില്ക്കാല ലോകചരിത്രത്തെ സ്വാധീനിച്ചു
b. റഷ്യ ശാസ്ത്ര–സാങ്കേതിക–സാമ്പത്തിക പുരോഗതി നേടി
c. സോവിയറ്റ് യൂണിയൻ (USSR)രൂപീകരിക്കപ്പെട്ടു
d. സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകത്ത് പ്രചരിച്ചു

5. ഒന്നാം ലോക യുദ്ധം കാരണങ്ങൾ

a. സൈനികസഖ്യങ്ങൾ – ത്രികക്ഷിസഖ്യം , ത്രികക്ഷി സൗഹാർദ്ദം
b. തീവ്രദേശീയത – ജർമ്മനിയിലും ഇറ്റലിയിലും c. മൊറോക്കൻ പ്രതിസന്ധി
d. ബാൾക്കൺ പ്രതിസന്ധി e. ആസ്ട്രിയൻ രാജകുമാരന്റെ വധം

6. ഫാഷിസം സവിശേഷതകൾ

a. ജനാധിപത്യത്തോടുള്ള എതിർപ്പ് b. രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ
c. തീവ്രദേശീയത പ്രചരിപ്പിക്കൽ d. ഭൂതകാലത്തെ പ്രകീർത്തിക്കൽ
e. സൈനിക സ്വേച്ഛാധിപത്യം

7. ഇറ്റലി – മുസ്സോളിനി – ഫാഷിസം – കരിങ്കുപ്പായക്കാർ (സൈന്യം)

8. ജർമ്മനി – ഹിറ്റ് ലർ – നാസിസം – തവിട്ടു കുപ്പായക്കാർ (സൈന്യം)
ഗസ്റ്റപ്പൊ (രഹസ്യസംഘം)

9. ചേരിചേരാ പ്രസ്ഥാനം– നേതാക്കൾ :

a. നെഹ്റു – ഇന്ത്യ b. ഗമാൽ അബ്ദുൽ നാസർ – ഈജിപ്ത്
c. മാർഷൽ ടിറ്റോ – യുഗോസ്ലാവിയ d. അഹമ്മദ് സുക്കാർണോ – ഇന്തോനേഷ്യ

10. പൊതുഭരണത്തിന്റെ പ്രാധാന്യം

a. ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു b. ജനക്ഷേമം ഉറപ്പാക്കുന്നു
c. ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു d. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

11. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ

a. ശ്രേണിപരമായ സംഘാടനം b. സ്ഥിരത c. യോഗ്യത അടിസ്ഥാനമാക്കി നിയമനം
d. രാഷ്ട്രീയ നിഷ്പക്ഷത e. വൈദഗ്ധ്യം.

12. ഇന്ത്യൻ സിവിൽ സർവ്വീസ്

a. അഖിലേന്ത്യാസർവ്വീസ്– ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.കേന്ദ്ര – സംസ്ഥാന സർവീസിൽ നിയമനം , IAS , I PS
b. കേന്ദ്ര സർവ്വീസ്– ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു,കേന്ദ്ര വകുപ്പിൽ നിയമനം,I FS, I RS
c. സംസ്ഥാന സർവ്വീസ്– സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു,സംസ്ഥാന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു. ഉദാ.സെയിൽസ് ടാക്സ് ഓഫീസർ

13. കുറിച്യ കലാപം – കാരണങ്ങൾ : a. ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത്
b. നികുതി പണമായി അടയ്ക്കാൻ ആവശ്യപ്പെട്ടത്
c. നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി പിടിച്ചെടുത്തത്

14. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം – കാരണങ്ങൾ

a. കർഷകരുടെ ദുരിതങ്ങൾ – അമിത നികുതിഭാരം,ജന്മി,കൊള്ളപ്പലിശക്കാർ എന്നിവരുടെ ചൂഷണം
b. കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം – പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച
c. രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടത്– ദത്തവകാശ നിരോധനം, സൈനികസഹായവ്യവസ്ഥ
d. ശിപായിമാരുടെ ദുരിതങ്ങൾ – കുറഞ്ഞ കൂലി, ദുരിതജീവിതം

15. ദേശീയത കലയിൽ – പെയിന്റിംഗുകൾ

a. ഭാരതമാത – അബനീന്ദ്ര നാഥ ടാഗോർ b. ശകുന്തളയും തോഴിമാരും – രാജാ രവിവർമ്മ
c. സതി , ഗ്രാമീണ ചെണ്ടക്കാരൻ – നന്ദലാൽ ബോസ്
d. ഗ്രാമീണ ജീവിതം – അമൃതാ ഷേർഗിൽ

16. ഗാന്ധിജിയുടെ ആദ്യകാല / പ്രാദേശിക സമരങ്ങൾ

a. ചമ്പാരനിലെ നീലം കർഷക സമരം– 1917 –ബീഹാർ
b. അഹമ്മദാബാദ് തുണിമിൽ സമരം–1918–ഗുജറാത്ത്
c. ഖേഡ കർഷക സമരം–1918–ഗുജറാത്ത്

17. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ

A. നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും–1920
ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു–മുസ്ലീം മൈത്രി വളർത്തുക
B. സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം–1930
ബ്രിട്ടീഷ് സിവിൽ നിയമങ്ങൾ ലംഘിക്കുക,പൂർണ്ണസ്വരാജ്.
C. ക്വിറ്റ് ഇന്ത്യാ സമരം–1942 – എല്ലാ അധികാരങ്ങളും ഇന്ത്യക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരം

18. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ

A. വിദേശ വസ്ത്ര ബഹിഷ്കരണം B. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
C. കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്കരിക്കുക, E. നികുതി നൽകാതിരിക്കുക.

19. നാട്ടുരാജ്യസംയോജനം

a. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് b.സർദാർ വല്ലഭ്ഭായ് പട്ടേൽ c. വി പി മേനോൻ d. ലയനക്കരാർ

20. ഇന്ത്യയും ബഹിരാകാശ ഗവേഷണവും

a. 1969 ൽ ISRO രൂപീകരിച്ചു. b. തുമ്പയിൽ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചു.
c. 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിച്ചു.
d. വിക്ഷേപണ വാഹനങ്ങൾ വികസിപ്പിച്ചെടുത്തു.
e. മിസൈൽ സാങ്കേതിക വിദ്യയിൽ പുരോഗതി നേടി. f. 2008 ൽ ചന്ദ്രയാൻ ,2013 ൽ മംഗൾയാൻ

21. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്വങ്ങൾ

a. കോളനിവ്യവസ്ഥയോടുള്ള എതിർപ്പ് b.സമാധാനപരമായ സഹവർത്തിത്വം
c. UNO യിലുള്ള വിശ്വാസം d. പഞ്ചശീലതത്വങ്ങൾ e. ചേരിചേരായ്മ

22. പഴശ്ശിക്കലാപങ്ങൾ : കേരളവർമ്മ പഴശ്ശിരാജ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ ചെറുത്തുനിൽപ്പുകൾ നടത്തി. മുൻ ധാരണപ്രകാരം കോട്ടയം പ്രദേശത്തെ നികുതി പിരിവധികാരം പഴശ്ശിക്ക് നൽകാതിരുന്നതും ബ്രിട്ടീഷുകാർ വയനാടിന് മേൽ അവകാശവാദം ഉന്നയിച്ചതുമാണ് പഴശ്ശികലാപങ്ങൾക്ക് കാരണം. 1805 നവംബർ 30 ന് പഴശ്ശി മരണമടഞ്ഞു.

23. ശ്രീനാരായണ ഗുരുവും സാമൂഹിക പരിഷ്കരണവും :

a. 1888 ൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയിലൂടെ അവർണ്ണർക്കും ക്ഷേത്രകർമ്മവും പൂജകളും ചെയ്യാൻ അവകാശമുണ്ടെന്ന് സ്ഥാപിച്ചു
b. വിജ്ഞാനത്തിന് പ്രാധാന്യം നൽകിയ ഗുരു ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
c. വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും ഉദ്ബോധിപ്പിച്ചു
d. ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി. e. മനുഷ്യസ്നേഹത്തിനും സർവമതസാഹോദര്യത്തിനും പ്രാധാന്യം നൽകി.

24. രാഷ്ട്രത്തിന്റെ ചുമതലകൾ – രണ്ടു തരം

a. നിർബന്ധിതമായ ചുമതലകൾ – ഉദാ. അതിർത്തിസംരക്ഷണം,ആഭ്യന്തര സമാധാനം
b. വിവേചനപരമായ ചുമതലകൾ – ഉദാ.വിദ്യാഭ്യാസം,ആരോഗ്യസംരക്ഷണം, ക്ഷേമപദ്ധതികൾ

25. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ

a. ദൈവദത്ത സിദ്ധാന്തം–രാഷ്ട്രം ദൈവസൃഷ്ടിയാണ്,രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്
b. പരിണാമ സിദ്ധാന്തം – രാഷ്ട്രം ചരിത്രസൃഷ്ടിയാണ്,സാമൂഹികപരിണാമ പ്രക്രിയവഴി രൂപം കൊണ്ടു.
c. സാമൂഹിക ഉടമ്പടി സിദ്ധാന്തം – ജനങ്ങളുണ്ടാക്കിയ ഒരു കരാറിലൂടെ രാഷ്ട്രം രൂപം കൊണ്ടു.
d. ശക്തി സിദ്ധാന്തം – ശക്തർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രൂപീകരിക്കപ്പെട്ടു.

26. പൗരത്വം – രണ്ടു തരം. a. സ്വാഭാവിക പൗരത്വം – ജന്മനാ ലഭിക്കുന്ന പൗരത്വം.
b. ആർജ്ജിത പൗരത്വം – നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം.

27. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ :

a. കുടുംബം b. വിദ്യാഭ്യാസം c. സംഘടനകൾ d. മാധ്യമങ്ങൾ f. ജനാധിപത്യ വ്യവസ്ഥ

28. പൗരബോധവും വിദ്യാഭ്യാസവും

a. മൂല്യബോധം വളർത്തുന്നു b. സഹിഷ്ണുത വളർത്തുന്നു c. നേതൃത്വഗുണം വളർത്തുന്നു

29. പൗരബോധം – വെല്ലുവിളി : പൊതുതാൽപ്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നതാണ് പ്രധാന വെല്ലുവിളി.
പരിഹാരം– പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക

30. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മൂന്ന് വിപ്ലവങ്ങൾ :

a. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം b. ഫ്രഞ്ച് വിപ്ലവം c.വ്യാവസായിക വിപ്ലവം

31. അഗസ്റ്റ് കോംതെയാണ് സമൂഹശാസ്ത്രത്തിന്റെ പിതാവ്

32. പ്രധാന പാശ്ചാത്യ (യൂറോപ്യൻ) സമൂഹശാസ്ത്ര ചിന്തകർ :

അഗസ്റ്റ് കോംതെ, ഹെർബർട്ട് സ്പെൻസർ,കാൾ മാർക്സ്, എമൈൽ ദുർഖിം,മാക്സ് വെബർ

33. സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠനരീതികൾ :

a. സോഷ്യൽ സർവേ b. അഭിമുഖം c. നിരീക്ഷണം d. കേസ് സ്റ്റഡി

34. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

a. ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ
b. ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ചു ധാരണ രൂപീകരിക്കൽ
c. ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ d. ഫലവത്തായ രീതിയിലുള്ള ആശയവിനിമയം
e. സമയക്രമീകരണം

35.നിരീക്ഷണം രണ്ടു തരത്തിലുണ്ട് –പങ്കാളിത്ത നിരീക്ഷണം ,പങ്കാളിത്ത രഹിത നിരീക്ഷണം

A. പങ്കാളിത്ത നിരീക്ഷണം : നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണിത്.
B. പങ്കാളിത്ത രഹിത നിരീക്ഷണം : ഇതിൽ സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

36. യൂറോപ്യന്മാരുടെ ലാറ്റിനമേരിക്കൻ കോളനിവൽക്കരണത്തിന്റെ ഫലങ്ങൾ :

a. തദ്ദേശീയ സംസ്കാരങ്ങൾ നശിപ്പിക്കപ്പെട്ടു. b. യൂറോപ്യൻ ഭാഷയും,മതവും,ആചാരവും പ്രചരിപ്പിച്ചു
c. സ്പാനിഷ് ശൈലിയിലുള്ള വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു
d. സ്പാനിഷ് വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങൾ ആരംഭിച്ചു

37. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ :

a. സോഷ്യലിസ്റ്റ് ആശയങ്ങളിൽനിന്നുള്ള വ്യതിചലനം
b. പ്രതിരോധത്തിന് അമിത പ്രാധാന്യം നൽകിയത്

RATHEESH C V GHSS PERIKKALLOOR WAYANAD

c. ഉദ്യോഗസ്ഥരുടെ കെട്ടുകാര്യസ്ഥതയും അഴിമതിയും

d. മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ

38. ഇ ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ :

a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.

b. വിവരസാങ്കേതികവിദ്യയുടെ സഹായത്താൻ സേവനം നേടാം.

c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.

d. ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

39. ഗ്രാമീണ കൈത്തൊഴിൽ വ്യവസായങ്ങളുടെ തകർച്ച – കാരണങ്ങൾ :

a. തുണിവ്യവസായം – യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി

b. മൺപാത്രനിർമ്മാണം –അലുമിനിയം പാത്ര ഇറക്കുമതി

c. തുകൽപ്പണി – അസംസ്കൃത തുകലിന്റെ യൂറോപ്പിലേയ്ക്കുള്ള കയറ്റുമതി

d. മരപ്പണി – ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

40. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക് :

a. ഇന്ത്യാക്കാരിൽ ദേശീയമായ കാഴ്ച്ചപ്പാട് വളർത്തി

b. ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു

c. മതേതരവിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും ലഭ്യമായി

d. ബ്രിട്ടീഷ് മേധാവിത്വത്തെയും, ഇന്ത്യയിലെ അസമത്വങ്ങളെയും ഒറ്റക്കെട്ടായി എതിർക്കാൻ വിദ്യാഭ്യാസ പുരോഗതി സഹായിച്ചു.

41. ഇന്ത്യൻ നാഷ്ണൽ ആർമി – INA – സുഭാഷ് ചന്ദ്രബോസ്

ലക്ഷ്യം – ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തെറിയാൻ പോരാടുക.

ഫോർവേഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു

INA യുടെ വനിതാവിഭാഗം ജാൻസിറാണി റെജിമെന്റ് – ക്യാപ്റ്റൻ ലക്ഷ്മി

## SOCIAL SCIENCE II

1. ഋതുഭേദങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ

a. ഭൂമിയുടെ പരിക്രമണം b. അച്ചുതണ്ടിന്റെ ചരിവ്

c. അച്ചുതണ്ടിന്റെ സമാന്തരത d. സൂര്യന്റെ അയനമാറ്റം

2. ഭ്രമണം : a. ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം.

b. ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്. c. ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.

d. ആദ്യം സൂര്യോദയം അനുഭവപ്പെടുക ഒരു പ്രദേശത്തിന്റെ കിഴക്കുദിക്കിലാകും.

e. ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം.

3. ഗ്രീനിച്ച് സമയം : ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

4. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം : ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്ന എൺപത്തിരണ്ടര ഡിഗ്രി(82.5) പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം.ഇവിടുത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽനിന്ന് അഞ്ചര മണിക്കൂർ (5.30)മുന്നിലാണ്

5. അന്താരാഷ്ട്ര ദിനാങ്കരേഖ : a. 180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ.

b. ഈ രേഖ ഒരു നേർരേഖയല്ല.

d. ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടാകും.

6. ഋതുക്കൾ :

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 – ജൂൺ 21 | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 – സെപ്റ്റംബർ 23 | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റംബർ 23 – ഡിസംബർ 22 | ഭൂമധ്യരേഖയിൽ നിന്ന്ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 – മാർച്ച് 21 | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

7.അന്തരീക്ഷമർദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ :

a. പ്രദേശത്തിന്റെ ഉയരം –ഉയരവും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.

b. താപം – താപവും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.

c. ആർദ്രത – നീരാവിക്ക് വായുവിനേക്കാൾ ഭാരം കുറവായതിനാൽ ആർദ്രത കൂടുമ്പോൾ മർദം കുറയും.ആർദ്രതയും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.

8. ആഗോളമർദമേഖലകൾ :

| | |
|---|---|
| മധ്യരേഖ ന്യൂനമർദമേഖല | 0 ഡിഗ്രി |
| ഉപോഷ്ണ ഉച്ചമർദമേഖല | 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും |
| ഉപധ്രുവീയ ന്യൂനമർദമേഖല | 60 ഡിഗ്രി വടക്കും 60 ഡിഗ്രി തെക്കും |
| ധ്രുവീയ ഉച്ചമർദമേഖല | 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും |

9. ആഗോളവാതങ്ങൾ മൂന്ന് തരം :

a. വാണിജ്യവാതങ്ങൾ – 30 ഡിഗ്രിയിൽ നിന്ന് 0 ഡിഗ്രിയിലേക്ക് വീശുന്നു

b. പശ്ചിമവാതങ്ങൾ – 30 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു

c. ധ്രുവീയവാതങ്ങൾ – 90 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു

10. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ

വിദ്യാഭ്യാസം , സാക്ഷരതാ നിരക്ക്, ആരോഗ്യപരിപാലനം , ആയുർദൈർഘ്യം

11. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ

a. സാമ്പത്തിക അന്തരം കുറയ്ക്കാം b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം

c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം

12. വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തിലേക്ക് നയിക്കുന്ന വിധം

വിദ്യാഭ്യാസം –വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു – സാങ്കേതിക അറിവ് ലഭിക്കുന്നു – മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു – ജീവിത നിലവാരം ഉയരുന്നു

13. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ

ICDS , SSA, RMSA, RUSA, NSDMRS

14. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

a. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരു വിഭാഗം വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്

b. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവുണ്ട്

c. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്

15. ആരോഗ്യം : ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് ലോകാരോഗ്യസംഘടന (WHO) നിർവചിക്കുന്നു.

16. ആരോഗ്യമുള്ളവ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു

a. പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും

b. തൊഴിൽദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത കൂടുന്നതുകൊണ്ടും ഉല്പാദനം കൂടും

c. ഉല്പാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും

d. ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും

17. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ

| | |
|---|---|
| ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (NRHM) | ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു |
| ദേശീയ നഗരാരോഗ്യമിഷൻ (NUHM) | പട്ടണങ്ങളിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു. |

18. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ :

a. ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരിക സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്

b. സൈനിക പ്രവർത്തനങ്ങൾക്കും,സൈനികഭൂപടങ്ങളുടെ നിർമ്മാണത്തിനും

c. നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക്

d. വിഭവസംരക്ഷണത്തിനും വിഭവാസൂത്രണത്തിനും

19. ഈസ്റ്റിങ്സ് :

1. ധരാതലീയ ഭൂപടങ്ങളിൽ വടക്ക് – തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.
2. ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു
3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് ഇടത്തുവശത്തുള്ള ഈസ്റ്റിങ്സിന്റെ മൂല്യമാണ് പരിഗണിക്കുക.

20. നോർത്തിങ്സ് :

1. ധരാതലീയ ഭൂപടങ്ങളിൽ കിഴക്ക് – പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.
2. ഇവയുടെ മൂല്യം വടക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു
3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് പരിഗണിക്കുക

21. കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ :

a. ഭൂപ്രദേശത്തിന്റെ ഉയരം b. ചരിവിന്റെ അളവ് c. ഭൂരൂപത്തിന്റെ ആകൃതി

22. പൊതുവരുമാനം : A. സർക്കാരിന്റെ വരുമാനമാണ് പൊതുവരുമാനം

B. പൊതുവരുമാനത്തിന്റെ രണ്ട് ഭാഗമാണ് നികുതി വരുമാനവും,നികുതിയിതര വരുമാനവും

C. നികുതി വരുമാനമാണ് പൊതുവരുമാനത്തിൽ കൂടുതൽ

23. പൊതുചെലവിനെ രണ്ടായി തരം തിരിക്കാം:

A. വികസനച്ചെലവുകൾ –റോഡ്,പാലം,തുറമുഖം മുതലായവയ്ക്കുള്ള ചെലവുകൾ

B. വികസനേതര ചെലവുകൾ – യുദ്ധം,പലിശ,പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ

24. ഇന്ത്യയിൽ പൊതുചെലവ് / പൊതുകടം വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ :

a. പ്രതിരോധചെലവിന്റെ വർദ്ധനവ് b. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

c. നഗരവൽക്കരണം d. വികസന പ്രവർത്തനങ്ങൾ e. ജനസംഖ്യാവർദ്ധനവ്

25. പ്രത്യക്ഷനികുതികൾ

A. വ്യക്തിഗത ആദായ നികുതി – വ്യക്തി വരുമാനത്തിൽ ചുമത്തുന്നത്

B. കോർപറേറ്റ് നികുതി – കമ്പനികളുടെ ലാഭത്തിൻമേൽ ചുമത്തുന്നത്

26. ബജറ്റ് – a. ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ്.

b. ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തികവർഷം.

27. ബജറ്റുകൾ മൂന്ന് തരമുണ്ട്.

1. സംതുലിത ബജറ്റ് – വരുമാനവും ചെലവും തുല്യമായി വരുന്നത് ( വരുമാനം = ചെലവ് )
2. മിച്ച ബജറ്റ് – വരുമാനം ചെലവിനേക്കാൾ കൂടുതലുള്ളത് ( വരുമാനം > ചെലവ് )
3. കമ്മി ബജറ്റ് – ചെലവ് വരവിനേക്കാൾ കൂടുതലുള്ളത്. ( വരുമാനം < ചെലവ് )

28. നികുതിയിതര വരുമാന സ്രോതസ്സുകൾ

| | | |
|---|---|---|
| 1 | ഫീസ് | സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നത് , |

RATHEESH C V GHSS PERIKKALLOOR WAYANAD

| | | |
|---|---|---|
| | | ഉദാ.ലൈസൻസ് ഫീസ്,രജിസ്ട്രേഷൻ ഫീസ് |
| 2 | ഫൈനുകളും പെനാൽറ്റികളും | നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷ,ഉദാ. ഹെൽമറ്റ് ധരിക്കാത്തതിന് |
| 3 | ഗ്രാന്റ് | ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം ,ഉദാ.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തദ്ദേശ സർക്കാരുകൾക്ക് നൽകുന്നു |
| 4 | പലിശ | സർക്കാർ വിവിധ സംരംഭങ്ങൾക്കും,ഏജൻസികൾക്കും,രാജ്യങ്ങൾക്കും നൽകിയ വായ്പകൾക്ക് ലഭിക്കുന്നത് |
| 5 | ലാഭം | സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം. ഉദാ.റെയിൽവേ.. |

29. ചരക്ക് സേവന നികുതികൾ വിവിധതരം (GST)

A. സെൻട്രൽ ജി എസ് ടി (CGST): സംസ്ഥാനത്തിനകത്ത് കേന്ദ്രഗവൺമെന്റ് ചുമത്തുന്ന ജി എസ് ടി

B. സ്റ്റേറ്റ് ജി എസ് ടി (SGST) : സംസ്ഥാന ഗവൺമെന്റ് ചുമത്തുന്ന ജി എസ് ടി .

C. ഇന്റഗ്രേറ്റഡ് ജി എസ് ടി (IGST) : അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ മേൽ ചുമത്തുന്ന ജി എസ് ടി (കേന്ദ്രഗവൺമെന്റ്).

30. GST സ്ലാബുകൾ : 5%, 12%, 18%, 28% എന്നിങ്ങനെ നാലു സ്ലാബുകളായാണ് ഉള്ളത്.

31. ജി എസ് ടി സമിതി നൽകുന്ന ശുപാർശകൾ :

a. ജി എസ് ടി യിൽ ലയിപ്പിക്കേണ്ട നികുതികൾ ,സെസ്സുകൾ, സർചാർജുകൾ

b. ജി എസ് ടി പരിധിയിൽ വരുത്തേണ്ടതും ഒഴിവാക്കേണ്ടതുമായ ചരക്കുകളും സേവനങ്ങളും c. നികുതിനിരക്കുകൾ നിശ്ചയിക്കൽ

d. ഒഴിവാക്കപ്പെട്ടിരിക്കുന്ന ചരക്കുകളും സേവനങ്ങളും ജി എസ് ടി യിൽ ഉൾപ്പെടുത്തേണ്ട സമയം

32. പ്ലാറ്റ് ഫോം അടിസ്ഥാനമാക്കിയുള്ള വിദൂരസംവേദനം മൂന്ന് തരം :

a. ഭൂതലഛായാഗ്രഹണം -ഭൂതലത്തിൽനിന്നോ അതിലെ ഉയർന്ന തലത്തിൽ നിന്നോ ഭൗമോപരിതല ചിത്രങ്ങളെടുക്കുന്നത്

b. ആകാശീയ വിദൂരസംവേദനം- വിമാനത്തിൽ ഉറപ്പിച്ച കാമറയുടെ സഹായത്തോടെ ആകാശത്തുനിന്ന് ഭൂതല ചിത്രങ്ങൾ പകർത്തുന്നത്

c. ഉപഗ്രഹ വിദൂരസംവേദനം-കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സ്കാനറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ

33. ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ :

a. ശൃംഖലാ വിശകലനം b. ആവൃത്തി വിശകലനം c. ഓവർലേ വിശകലനം

34. ശൃംഖലാ വിശകലനം :

റോഡ്,റെയിൽവേ,നദികൾ തുടങ്ങിയ ഭൂപടത്തിലെ രേഖീയസവിശേഷതകളെയാണ് ശൃംഖലാവിശകലനത്തിന് വിധേയമാക്കുന്നത്.ഏറ്റവും കുറഞ്ഞ യാത്രാമാർഗ്ഗം, തിരക്കുകുറഞ്ഞ പാത,ടോൾ ഇല്ലാത്ത പാത തുടങ്ങിയവ ഇതിലൂടെ കണ്ടെത്താം.

35. ആവൃത്തി വിശകലനം :

ഒരു ബിന്ദുവിന് ചുറ്റമായോ,രേഖീയ സവിശേഷതകൾക്ക് നിശ്ചിത ദൂരത്തിലോ നടത്താവുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനുപയോഗിക്കുന്ന സങ്കേതമാണ് ആവൃത്തി വിശകലനം. റോഡ് വികസനം,വിമാനത്താവള നിർമ്മാണം തുടങ്ങിയവയ്ക്കെല്ലാം ആവൃത്തി വിശകലനം ഉപയോഗിക്കാം.

36. ഓവർലേ വിശകലനം :

ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടെ പരസ്പരബന്ധത്തെക്കുറിച്ചും,കാലാനുസൃതമായി അവയിലുണ്ടായ മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഓവർലേ വിശകലനം ഉപയോഗിക്കുന്നു.വിളകളുടെ വിസ്തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ,ഭൂവിനിയോഗമാറ്റങ്ങൾ എന്നിവയൊക്കെ മനസ്സിലാക്കാൻ ഇത് ഉപയോഗിക്കാം.

37. ഭൂസ്ഥിര ഉപഗ്രഹങ്ങൾ - സൗരസ്ഥിര ഉപഗ്രഹങ്ങൾ

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|---|
| ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നവ | 1 | ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലംവയ്ക്കുന്നവ |
| സഞ്ചാരപഥം ഭൂമിയിൽ നിന്ന് 36000 കി.മീ. ഉയരത്തിൽ | 2 | സഞ്ചാരപഥം ഭൂമിയിൽ നിന്ന് 900 കി.മീ. ഉയരത്തിൽ |
| ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു | 3 | ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി |
| ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു | 4 | ഒരു പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണത്തിന് സാധിക്കുന്നു. |
| വാർത്താവിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതിയിലെ വ്യത്യാസം മനസ്സിലാക്കാനും ഉപയോഗിക്കുന്നു | 5 | പ്രകൃതി വിഭവം,ഭൂവിനിയോഗം,ഭൂഗർഭജലം മുതലായവയുടെ വിവരശേഖരണത്തിന് ഉപയോഗിക്കുന്നു. |

38. ഉത്തരപർവ്വതമേഖല

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| a. ട്രാൻസ് ഹിമാലയം- കാരക്കോറം, ലഡാക്ക്, സസ്കർ | ഇന്ത്യയിലെ ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ് വിൻ ഓസ്റ്റിൻ ഇവിടെയാണ്.ശരാശരി ഉയരം 6000 മീറ്ററാണ് |
| b. ഹിമാലയം - ഹിമാദ്രി, ഹിമാചൽ, സിവാലിക് | ഈ പർവ്വതനിരകൾക്ക് ഏകദേശം 2400 K.M നീളമുണ്ട്.ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നു.ഏകദേശം 5 ലക്ഷം ച.കി.മീ. വിസ്തൃതിയുള്ള പ്രദേശം |
| c. കിഴക്കൻ മലനിരകൾ - പത്കായിബും,നാഗാകുന്നുകൾ, ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ, മിസോ കുന്നുകൾ | സമുദ്രനിരപ്പിൽനിന്ന് 500-3000 മീ.ഉയരം.പൂർവാചൽ എന്നും അറിയപ്പെടുന്നു. ഇവിടം നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകളാണ് ലോകത്ത് ഏറ്റവും മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്. |

39. ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം

a. പുരാതനകാലം മുതൽ ഇന്ത്യയെ വടക്കുപടിഞ്ഞാറൻ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുന്നു

b. മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിലുടനീളം മഴ പെയ്യിക്കുന്നു

c. ശൈത്യകാലത്തു വീശുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേക്കു കടക്കാതെ ചെറുക്കുന്നു

d.നദികളുടെ ഉത്ഭവപ്രദേശം

40. ഹിമാലയ പർവതനിരകൾ - ഹിമാദ്രി, ഹിമാചൽ, സിവാലിക്

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര. ശരാശരി ഉയരം 6000 മീ. ഗംഗ,യമുന,എന്നി നദികളുടെ ഉത്ഭവസ്ഥാനം, 8000 മീ.മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.(കാഞ്ചൻ ജംഗ,നന്ദാദേവി) | ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ശരാശരി ഉയരം 3000 മീ. ഷിംല,ഡാർജിലിങ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ തെക്കേ ചെരിവിൽ സ്ഥിതി ചെയ്യുന്നു. | ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ശരാശരി ഉയരം 1220 മീ. ഹിമാലയൻ നദികൾ ഈ പർവ്വതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും ഇടർച്ച നഷ്ടപ്പെടുന്നു. നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു. (ഡെറാഡൂൺ) |

41.ഹിമാലയൻ നദികൾ

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | ചലം, ചിനാബ് ,രവി, ബിയാസ്, സത് ലജ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | യമുന,സോൺ, കോസി,ഗാണ്ഡക് | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്-ഡുങ് ഹിമാനി | തിസ്ത,മാനസ്,ലൂഹിത് സുവാൻസിരി | ബംഗാൾ ഉൾക്കടൽ |

42. ഉപദ്വീപീയ നദികൾ

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന കടൽ |
|---|---|---|---|
| മഹാനദി | മൈക്കലാനിരകൾ(മധ്യപ്രദേശ്) | ഇബ്,ടെൽ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ നാസിക് ജില്ല) | ഇന്ദ്രാവതി,ശബരി | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകൾ) | ഭീമ,തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ(കർണ്ണാടകം) | കബനി,അമരാവതി | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കലാനിരകൾ (ഛത്തീസ്ഗഡ്) | ഹിരൺ,ബൻജൻ | അറബിക്കടൽ |
| താപ്തി | മുൽതായ് പീഠഭൂമി(മധ്യപ്രദേശിലെ ബൈതുൽ ജില്ല) | ആനർ,ഗിർന | അറബിക്കടൽ |

43. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അതിശക്തമായ അപരദന തീവ്രത | അപരദന തീവ്രത താരതമ്യേന കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

RATHEESH C V GHSS PERIKKALLOOR WAYANAD

44. തീരസമതലങ്ങളുടെ സവിശേഷതകൾ

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനു മിടയിൽ<br>b. റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കുറവ്<br>d. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തി നുമിടയിൽ<br>b. സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കൂടുതൽ<br>d. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. ഡെൽറ്റാ രൂപീകരണം നടക്കുന്നു |

45. തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ രണ്ട് ശാഖകൾ

അറബിക്കടൽ ശാഖ , ബംഗാൾ ഉൾക്കടൽ ശാഖ.

46. ഇന്ത്യയിലെ കാർഷിക കാലങ്ങൾ :

| കാർഷിക കാലങ്ങൾ | വിളയിറക്കൽ കാലം | വിളവെടുപ്പ് കാലം | പ്രധാന വിളകൾ |
|---|---|---|---|
| ഖാരിഫ് | ജൂൺ (മൺസൂണിന്റെ ആരംഭം) | നവംബർ ആദ്യവാരം (മൺസൂണിന്റെ അവസാനം) | നെല്ല്,ചോളം,പരുത്തി,തിനവിളക ൾ,ചണം,കരിമ്പ്, നിലക്കടല |
| റാബി | നവംബർ മധ്യം (ശൈത്യകാലാരംഭം) | മാർച്ച്(വേനലിന്റെ ആരംഭം) | ഗോതമ്പ്,പുകയില,കടുക്,പയർ വർഗ്ഗങ്ങൾ |
| സൈദ് | മാർച്ച് (വേനലിന്റെ ആരംഭം) | ജൂൺ (മൺസൂണിന്റെ ആരംഭം) | പഴവർഗങ്ങൾ,പച്ചക്കറികൾ |

47. ഇന്ത്യയിലെ കാർഷിക വിളകൾ : ഭക്ഷ്യവിളകൾ :

| വിള | മഴ / വർഷപാതം | ഊഷ്മാവ് /താപനില | മണ്ണ് | പ്രത്യേകതകൾ |
|---|---|---|---|---|
| നെല്ല് | 150 cm ൽ കൂടുതൽ | 24 ഡിഗ്രി സെൽഷ്യസിന് മുകളിൽ | എക്കൽമണ്ണ് | ഇന്ത്യയിലെ മുഖ്യ ഭക്ഷ്യവിള,ഒരു ഖാരിഫ് വിള,നദീതടങ്ങൾ,തീരസമതലങ്ങൾ, സിവാലിക് പർവതചെരിവിലും നെൽകൃഷി ചെയ്യുന്നു .W.B,UP,AP |
| ഗോതമ്പ് | 75 cm | 10 ഡിഗ്രി - 26 ഡിഗ്രി സെൽഷ്യസ് | നീർവാർച്ചയുള്ള എക്കൽമണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ രണ്ടാം സ്ഥാനം.ഒരു റാബി വിളയാണ്. (ശൈത്യകാല വിള),UP,പഞ്ചാബ്,ഹരിയാന |
| ചോളം | 75 cm | ------ | നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ മൂന്നാം സ്ഥാനം. ഉഷ്ണകാലത്തും,ശൈത്യകാലത്തും കൃഷി ചെയ്യാം. MP,KA,RAJ,UP |

48. ഇന്ത്യയിലെ ഗതാഗതമാർഗ്ഗങ്ങൾ :

a. റോഡ് ഗതാഗതം b. റെയിൽ ഗതാഗതം c. ജല ഗതാഗതം d. വ്യോമ ഗതാഗതം

49. ജലഗതാഗതം : മേന്മകൾ

a.ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗം b.വൻതോതിലുള്ള ചരക്കുഗതാഗതത്തിന് ഉചിതം

c.പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ല d.അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

50. ജലഗതാഗതം : രണ്ട് തരം – A. ഉൾനാടൻ ജലഗതാഗതം B. സമുദ്രജലഗതാഗതം

51. ഉൾനാടൻ ജലഗതാഗതം : നദികൾ,കായലുകൾ,കനാലുകൾ തുടങ്ങിയവയിലൂടെയുള്ള ഗതാഗതം.സഞ്ചാരത്തിനും,ചരക്കുഗതാഗതത്തിനും,ഉൾനാടൻ മത്സ്യബന്ധനത്തിനും വിനോദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുന്നു.

52. സമുദ്രജലഗതാഗതം : അറബിക്കടൽ,ബംഗാൾ ഉൾക്കടൽ,ഇന്ത്യൻ മഹാസമുദ്രം വഴിയുള്ളത്

53. ഇന്ത്യയിലെ ദേശീയ ജലപാതകൾ : (1986 ൽ ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപീകരിച്ചു )

| | |
|---|---|
| ദേശീയ ജലപാത 1 (NW 1) | ഗംഗാനദിയിൽ അലഹാബാദ് മുതൽ ഹാൽഡിയ വരെ(1620 കി.മീ.) |
| ദേശീയ ജലപാത 2 (NW 2) | ബ്രഹ്മപുത്രനദിയിൽ സദിയ മുതൽ ധൂബ്രിവരെ (891 കി.മീ.) |
| ദേശീയ ജലപാത 3 (NW 3) | കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ(205 കി.മീ.) |
| ദേശീയ ജലപാത 4 (NW 4) | ഗോദാവരി-കൃഷ്ണ നദികളുമായി ചേർന്ന് കാക്കിനാട മുതൽ പുതുച്ചേരി വരെയുള്ള കനാൽ (1095 കി.മീ.) |
| ദേശീയ ജലപാത 5 (NW 5) | പൂർവതീര കനാലുമായി ബന്ധിപ്പിച്ചുള്ള ബ്രാഹ്മണി-മഹാനദി ഡൽറ്റാ നദീവ്യവസ്ഥ (623 കി.മീ.) |

54. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ :

a. നോട്ട് അച്ചടിച്ചിറക്കൽ b. വായ്പ നിയന്ത്രിക്കൽ

c. സർക്കാരിന്റെ ബാങ്ക് d. ബാങ്കുകളുടെ ബാങ്ക്

55. വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ :

A. നിക്ഷേപങ്ങൾ സ്വീകരിക്കുക B. വായ്പകൾ നൽകുക

56. നിക്ഷേപങ്ങൾ നാല് തരം –A. സമ്പാദ്യനിക്ഷേപം, B. പ്രചലിതനിക്ഷേപം, C. സ്ഥിര നിക്ഷേപം, D. ആവർത്തിത നിക്ഷേപം

57. ബാങ്കുകൾ നൽകുന്ന മറ്റ് സൗകര്യങ്ങളും സേവനങ്ങളും :

| | |
|---|---|
| ലോക്കർ സൗകര്യം | വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ വിലപിടിപ്പുള്ള വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള അവസരം |
| ഡിമാന്റ് ഡ്രാഫ്റ്റ് | പണം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് അയയ്ക്കാനുള്ള സൗകര്യം |
| മെയിൽ ട്രാൻസ്ഫർ | ലോകത്തെവിടെനിന്നും സ്വന്തം അക്കൗണ്ടിലേക്കോ മറ്റൊരാളുടെ അക്കൗണ്ടിലേക്കോ പണം അയയ്ക്കാനുള്ള സൗകര്യം |
| എ.ടി.എം,ഡെബിറ്റ് കാർഡ് | ബാങ്കിൽപോകാതെ ഏതു സമയത്തും പണം നിക്ഷേപിക്കാനും പിൻവലിക്കാനുമുള്ള സൗകര്യം |
| ക്രെഡിറ്റ് കാർഡ് | പണം കൈയ്യിൽ സൂക്ഷിക്കാതെ സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന സൗകര്യം |
| റീചാർജ് &ബില്ല് തുക അടയ്ക്കൽ | ഇൻഷ്വറൻസ് പ്രീമിയം,ടെലിഫോൺ ചാർജ്,വൈദ്യുതി ചാർജ് മുതലായവ അടയ്ക്കാനും മൊബൈൽ റീചാർജ് ചെയ്യാനും,യാത്രാടിക്കറ്റുകൾ എടുക്കാനും സേവനം നൽകുന്നു. |

58. ഇലക്ട്രോണിക് ബാങ്കിങ് : നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ് ഇലക്ട്രോണിക് ബാങ്കിങ്.എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ് ,നെറ്റ് ബാങ്കിങ്,മൊബൈൽഫോൺ വഴിയുള്ള ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ്.

59. കോർ ബാങ്കിങ് : എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സെർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽനിന്ന് മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്നതരത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു സാകര്യമാണ് കോർ ബാങ്കിങ് . ഇതോടെ ബാങ്ക് ഇടപാടുകൾ ലളിതമായി.

60. ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ പ്രയോജനങ്ങൾ (ഇ-ബാങ്കിങ്) :

a. വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയയ്ക്കാനും, ബില്ലുകൾ അടയ്ക്കാനും കഴിയും.

b. കുറഞ്ഞ സമയം മതിയാകും. c. സർവീസ് ചാർജ് കുറവാണ്

61. മൈക്രോഫിനാൻസ് സംരംഭങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ :

a. വ്യക്തികളിൽനിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു

b. സമ്പാദ്യശീലം വളർത്തുന്നു c.ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു

d. അംഗങ്ങൾക്ക് ആവശ്യസമയത്ത് വായ്പ നൽകുന്നു

62. ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങൾ /വിപണിയിൽ ഉപഭോക്താവ് നേരിടുന്ന പ്രശ്നങ്ങൾ ?

a. ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിൽക്കുന്നത് b. മായം ചേർക്കുന്നത്

c. അമിതവില ഈടാക്കുന്നത് d. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്

63. 1986 ലെ ഉപഭോക്തൃസംരക്ഷണനിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ :

a. ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങളിൽനിന്ന് സംരക്ഷണം ലഭിക്കാനുള്ള അവകാശം

b. ന്യായവിലയ്ക്ക് സാധന - സേവനങ്ങൾ ലഭിക്കാനുള്ള അവകാശം

c. ഗുണമേന്മയുള്ള സാധന സേവനങ്ങൾ ലഭിക്കാനുള്ള അവകാശം

d. ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം

64. ഉപഭോക്താവിന് പരാതി നൽകാവുന്ന സന്ദർഭങ്ങൾ :

a. വിലയ്ക്കുവാങ്ങിയ സാധനത്തിന് കേടുപാടുകൾ / പോരായ്മകൾ സംഭവിക്കുക

b. മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക

c. നിയമാനുസൃതമുള്ള വിലയേക്കാൾ കൂടുതൽ തുക ഈടാക്കുക

d. വിൽപനകൂട്ടാൻ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക

65. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും :

| വകുപ്പ് / സ്ഥാപനം | പ്രവർത്തനം |
|---|---|
| ലീഗൽ മെട്രോളജി വകുപ്പ് | അളവ് -തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു |
| ഭക്ഷ്യ സുരക്ഷാവകുപ്പ് | ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു |
| കേന്ദ്ര ഔഷധവിലനിയന്ത്രണ കമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു |
| ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ | ഉൽപ്പാദനം,വിതരണം,സംഭരണം,വിൽപന, ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു |

66. ഉപഭോക്തൃവിദ്യാഭ്യാസം നൽകുന്നതിന്റെ ഫലമായി രൂപപ്പെടുന്ന ഉപഭോക്തൃശീലങ്ങൾ ഏതെല്ലാം ?

a. സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ച് വാങ്ങുക b. അളവും തൂക്കവും ശരിയാണെന്ന് ബോധ്യപ്പെടുക c. സാധനങ്ങളുടെ നിലവാരം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക

d. വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗക്രമം ,പ്രവർത്തിപ്പിക്കുന്ന വിധം എന്നിവ മനസ്സിലാക്കുക

*********************.................*********************

RATHEESH C V GHSS PERIKKALLOOR WAYANAD